<u>പതിനാലാം കേരള നിയമസഭ</u>

<u>ഒന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1701</u> <u>14/07/2016-ൽ മറുപടിക്ക്</u>

# മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ദേവികുളം നിയോജകമണ്ഡലത്തിൽ അഞ്ച് ജലവൈദ്യുത പദ്ധതികൾ മുടങ്ങിക്കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തികരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ? | (എ) ദേവികുളം നിയോജക മണ്ഡലത്തിൽ രണ്ട് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം മുടങ്ങിക്കിടക്കുന്നു.<br>1 **<u>പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 MW)</u>**-<br>പദ്ധതിയുടെ ടണൽ, ഇൻടേക്ക് ഭാഗങ്ങളിലുണ്ടായ മണ്ണിടിച്ചിൽ മൂലം ഇൻടേക്കിനും, ടണൽ ഫേസ്-2 നും ഇടയിലുള്ള ടണൽ നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. . ഭൂമിശാസ്ത്രപരമായ കാരണങ്ങളാലും, കരാറുകാരുടെ ഉദാസീനതയും മൂലം പദ്ധതി 7/2015 മുതൽ മുടങ്ങിക്കിടക്കുകയാണ്. നിലവിലുള്ള നിർമ്മാണക്കരാർ ഫോർക്ലോസ് ചെയ്തതിനു ശേഷം ബാക്കി ജോലിക്കൾക്കായി പുതിയ കരാറുണ്ടാക്കി മൂന്നു വർഷംകൊണ്ട് പദ്ധതിനിർമ്മാണംപൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.<br><br>2.**<u>തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 MW)</u>**-<br>ഈ പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ടുണ്ടായ തദ്ദേശവാസികളുടെ എതിർപ്പും, പദ്ധതിയുടെ |

M/s.CPPLന്റെ സാമ്പത്തിക ഭദ്രത യില്ലായ്മയും, പിന്നീടുള്ള ഘട്ടത്തിൽ പദ്ധതി മുടങ്ങുവാൻ കാരണമായി. നിലവിലുള്ള നിർമ്മാണക്കരാർ ഫോർക്ലോസ് ചെയ്തതിനു ശേഷം ബാക്കി ജോലികൾക്കായി പുതിയ കരാറുണ്ടാക്കി രണ്ടു വർഷത്തിനകം നിർമ്മാണം പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ